# റിട്ടയേർഡ് റവന്യൂ കൂട്ടായ്മ

മലപ്പുറം ജില്ല, റജി. നമ്പർ 292/2010

## വാർത്താ പത്രിക

2019 ഡിസംബർ
ലക്കം 5

അംഗങ്ങൾക്ക് ഇടയിൽ വിതരണത്തിന് മാത്രം


# 10 വർഷം തിരിഞ്ഞു നോക്കുമ്പോൾ

പ്രിയ സുഹൃത്തുക്കളെ,

സ്വാതന്ത്ര്യലബ്ധിക്കു മുമ്പും പിമ്പും ഈ സംസ്ഥാനത്തിന്റെ പൊതുഭരണത്തിന്റെ ചുക്കാൻ പിടിച്ച വകുപ്പാണ് നമ്മുടെ റവന്യൂ. ഈ സംസ്ഥാനത്ത് കാണുന്ന നേട്ടങ്ങളുടെ ജീവനാഡിയായി പ്രവർത്തിക്കുകയും തിരഞ്ഞെടുപ്പ്, സെൻസസ്സ്, ക്രിമിനൽ ജസ്റ്റിസ്, ലാന്റ് അക്വിസിഷൻ, ദുരന്ത നിവാരണം, ധനസമാഹരണം തുടങ്ങിയവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ അതത് കാലത്തെ സർക്കാരുകളെ രാപകൽ വ്യത്യാസമില്ലാതെ സേവിച്ചവരാണ് നാം. രാജ്യത്തിന്റെയും നമ്മുടെയും നേട്ടങ്ങൾക്ക് സഹപ്രവർത്തകരോടൊത്ത് സൗഹൃദവും സഹകരണവും പങ്കിടാനും വേദനകളിൽ ആശ്വാസം പകരാനും വേണ്ടി 2010 മെയ് 1നു് അന്നത്തെ മലപ്പുറം ജില്ലാ കലക്ടർ ശ്രീ.എം.സി.മോഹൻദാസ് IAS ഉദ്ഘാടനം ചെയ്ത് ആരംഭിച്ച നമ്മുടെ ഈ റിട്ടയേർഡ് റവന്യൂ കൂട്ടായ്മയിൽ ഇപ്പോൾ 625 അംഗങ്ങൾ ആണ് ഉള്ളത്.

കഴിഞ്ഞ 10 വർഷത്തേക്ക് തിരിഞ്ഞു നോക്കുമ്പോൾ അഭിമാനകരമായ സേവനമാതൃകകൾ കാഴ്ചവെക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അവയിൽ ചിലത് ഇവിടെ രേഖപ്പെടുത്തട്ടെ.

1) അംഗങ്ങൾക്ക് ജില്ലാ കലക്ടർ സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ കാർഡ് നൽകി.

2) കേരളത്തിൽ ആദ്യമായി, മലപ്പുറം റവന്യൂ വകുപ്പിൽ നിന്നും റിട്ടയർ ചെയ്തവരെ ഉൾപ്പെടുത്തി കളർ ഫോട്ടോ ഡയറക്ടറി പ്രസിദ്ധീകരിച്ചു.

3) 80 വയസ്സ് പൂർത്തിയാക്കിയ മുഴുവൻ അംഗങ്ങളെയും പൊന്നാടയും സ്നേഹോപഹാരവും നൽകി ആദരിച്ചു വരുന്നു.

4) അന്തരിക്കുന്ന അംഗങ്ങളുടെ വീടുകൾ സന്ദർശിച്ച് കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും സംസ്കാര ചടങ്ങുകളിൽ പങ്കെടുക്കുകയും ചെയ്തുവരുന്നു.

5) വാർദ്ധക്യമോ രോഗം മൂലമോ ദുരിതം അനുഭവിക്കുന്ന അംഗങ്ങൾക്ക് മെമ്പർമാരിൽനിന്നും സമാഹരിച്ച 65,000 രൂപ ഇതുവരെ സാമ്പത്തിക സഹായം നൽകുകയുണ്ടായി.



എം.ബാലകൃഷ്ണ കുറുപ്പ്

6) മാനസിക ഉല്ലാസത്തിനും കൂട്ടായ്മാവർദ്ധനക്കും വേണ്ടി എല്ലാവർഷവും കുടുംബത്തോടൊപ്പം ഉല്ലാസയാത്രകൾ നടത്തി വരുന്നു. ഈ വർഷത്തെ ജല യാത്ര ഡിസംബർ 21ന്.

7) അംഗങ്ങളുടെ ലേഖനങ്ങളും മറ്റും ഉൾപ്പെടുത്തി കൊണ്ടുള്ള വാർത്താപത്രിക ഇതിനു മുമ്പ് 4 ലക്കം പ്രസിദ്ധീകരിക്കുകയുണ്ടായി.

8) 2018 പ്രളയ ദുരിത നിവാരണ പ്രവർത്തനങ്ങൾക്ക് അംഗങ്ങളിൽ നിന്നും സമാഹരിച്ച 1.40 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുകയുണ്ടായി. കൂടാതെ ഇതേ ദുരന്തത്തിൽ നഷ്ടങ്ങൾ സംഭവിച്ച നമ്മുടെ 4 അംഗങ്ങൾക്ക് 5000 രൂപവീതവും ധനസഹായം നൽകി.

കൂടാതെ താഴെകാണിച്ച പ്രവർത്തനങ്ങൾ കൂടി നടത്തിയിട്ടുണ്ട്.

- ➢ സംശുദ്ധവും കാര്യ ക്ഷമവുമായ ഭരണ സംവിധാനം ഉറപ്പു വരുത്തുവാനുള്ള നിർദ്ദേശങ്ങൾ ഭരണ പരിഷ്ക്കാര കമ്മീഷന് സമർപ്പിച്ചു.
- ➢ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം നടപ്പാക്കാൻ ബഹു.റവന്യൂ മന്ത്രിക്കു നിവേദനം സമർപ്പിച്ചു.
- ➢ വയോജന സംരക്ഷണ നിയമം അനുസരിച്ച് ചേലേമ്പ്രയിൽ ഏകദിന ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുകയും ഇത്തരക്കാർക്കുള്ള ആനുകൂല്യങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കാൻ ലഘുലേഖ തയ്യാറാക്കുകയും ചെയ്തു.
- ➢ ശമ്പള/പെൻഷൻ പരിഷ്കരണ കമ്മീഷന് സമർപ്പിക്കാനുള്ള കരട് തയ്യാറാക്കി വരുന്നു.
- ➢ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പരിമിതമായ ഫണ്ടിന്റെയും സൗകര്യങ്ങളുടെയും ഇടയിൽ നിന്നുകൊണ്ട് പരമാവധി കാര്യങ്ങൾ ചെയ്യാൻ ഓരോ വർഷത്തേയും ഭരണ സമിതികൾ ശ്രമിച്ചിട്ടുണ്ട് എന്ന് അഭിമാനത്തോടെ പറയാം.

കൃത്യമായി മെമ്പർഷിപ്പ്, ദുരിതാശ്വാസഫണ്ട് എന്നിവ നൽകുന്നതിൽ അംഗങ്ങൾ കാണിക്കുന്ന അലംഭാവം നമ്മുടെ കാര്യക്ഷമമായ പ്രവർത്തനത്തെ പ്രതികൂലമായി പലപ്പോഴും ബാധിച്ചിട്ടുണ്ട് എന്ന് പറയുന്നതിൽ എനിക്ക് അല്പം വേദനയുണ്ട്.

കഴിഞ്ഞ കാലത്തെ പല കാര്യങ്ങളെ സംബന്ധിച്ചും ഇതൊന്നിച്ചുള്ള പ്രവർത്തന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ അവ ഇവിടെ ആവർത്തിക്കുന്നില്ല.

കഴിഞ്ഞ കാല സേവനഅനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വരും വർഷങ്ങളിൽ കരുത്തുറ്റ വിപുലമായ ജനക്ഷേമ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുമാറാകട്ടെ എന്ന് ആശംസിച്ചു കൊണ്ടും നവവത്സരാശംസകളോടെയും നിർത്തുന്നു.

## വാർഷിക ജനറൽ ബോഡി യോഗം
### 2020 ജനുവരി 1 ബുധൻ

സുഹൃത്തുക്കളെ,

റിട്ടയേർഡ് റവന്യൂ കൂട്ടായ്മ വാർഷിക ജനറൽ ബോഡി യോഗം, പുതുവത്സരദിനാഘോഷം, കുടുംബ സംഗമം എന്നിവ സംയുക്തമായി 2020 ജനുവരി 1 ബുധൻ രാവിലെ 9.30 മുതൽ മലപ്പുറം പ്രശാന്ത് ഹോട്ടലിൽ നടക്കുന്നു.

ആഘോഷ പരിപാടികൾ മുൻ മലപ്പുറം ജില്ലാ കളക്ടർ ശ്രീ.എം.സി.മോഹൻദാസ് ഉദ്ഘാടനം ചെയ്യുന്നതാണ്. പരിപാടിയിൽ എല്ലാ കൂട്ടായ്മ അംഗങ്ങളും കുടുംബസമേതം പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ യോഗത്തിൽ കലാപരിപാടികൾ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന കുട്ടികൾ അടക്കമുള്ളവർ അവതരിപ്പിക്കുന്ന ഇനം, ആവശ്യമായ സമയം എന്നീ വിവരങ്ങൾ പി. രാവുണ്ണിക്കുട്ടി നായർ 9387791255 എന്ന നമ്പറിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

പ്രസിഡണ്ട് | സെക്രട്ടറി

# റിട്ടയേർഡ് റവന്യൂ കൂട്ടായ്മ, മലപ്പുറം ജില്ലാ കമ്മിറ്റിയുടെ 26–12–2018 മുതൽ 30–11–2019 വരെയുള്ള വാർഷിക റിപ്പോർട്ട്

സുഹൃത്തുക്കളെ,

മലപ്പുറം ജില്ലയിലെ റിട്ടയർ ചെയ്ത റവന്യൂ ജീവനക്കാർക്കിടയിൽ സജീവ സാന്നിദ്ധ്യമായി കഴിഞ്ഞ പത്ത് വർഷമായി പ്രവർത്തിച്ചുവരുന്ന റിട്ടയേർഡ് റവന്യൂ കൂട്ടായ്മയുടെ വാർഷിക റിപ്പോർട്ട് അംഗീകാരത്തിനും സജീവ പരിഗണനക്കുമായി സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ 14 പേർ നമ്മെ വിട്ടു പിരിഞ്ഞിട്ടുണ്ട്. (അവരുടെ പേരും ഫോട്ടോയും പേജ് 4ൽ) അവരുടെയും കൂടാതെ ജമ്മുകാശ്മീരിലെ പുൽവാമാ ജില്ലയിൽ 2019 ഫെബ്രുവരി 14ന് നടന്ന ബോംബ് സ്ഫോടനത്തിൽ രക്തസാക്ഷിത്വം വഹിച്ച 40 ജവാൻമാരുടെയും സ്മരണക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

26-12-2018 ന് മലപ്പുറത്ത് ചേർന്ന ജില്ലാ കൗൺസിൽ യോഗം തിരഞ്ഞെടുത്ത എം.ബാലകൃഷ്ണകുറുപ്പ് പ്രസിഡണ്ട്, പി.ടി.തങ്കപ്പൻ, പി.കെ.അച്ചുതൻ, കെ.വി.വിലാസിനി വൈസ് പ്രസിഡണ്ടുമാർ, പി.പി.എം.അഷ്റഫ് സെക്രട്ടറി, കെ.ബാലകൃഷ്ണൻ, വി.പി. സൂര്യനാരായണൻ, കെ.സുബൈർ ജോയിന്റ് സെക്രട്ടറിമാർ, പി.ഗോപാലകൃഷ്ണൻ ട്രഷറർ എന്നിവർ അടങ്ങിയ 29 അംഗ കമ്മിറ്റിയാണ് നടപ്പു വർഷത്തെ കൂട്ടായ്മയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ടി.കെ.വാസുദേവൻ നായർ കൂട്ടായ്മയുടെ രക്ഷാധികാരിയായും, എൻ.ബി.എ. ഹമീദിനെ എഡിറ്ററായും തിരഞ്ഞെടുത്തു.

പുതിയ കമ്മിറ്റിയുടെ ആദ്യ പ്രവർത്തനം 2019 ജനുവരി 1ന് മലപ്പുറം പ്രശാന്ത് ഓഡിറ്റോറിയത്തിൽ നടന്ന പുതുവത്സരാഘോഷ പരിപാടി മുൻ ജില്ലാ കലക്ടർ ശ്രീ.എം.സി.മോഹൻദാസ് കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു. പി.പി.എം.അഷ്റഫിന്റെ ആദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ എം.ബാലകൃഷ്ണ കുറുപ്പ്, പി.ടി.തങ്കപ്പൻ, പി.സത്യകുമാരൻ നായർ, പി.രാവുണ്ണിക്കുട്ടി നായർ, എൻ.ബി.എ.ഹമീദ്, ടി.കെ.വാസുദേവൻ നായർ എന്നിവർ പ്രസംഗിച്ചു. അംഗങ്ങളുടെ കലാപരിപാടികളും മത്സരങ്ങളും നടന്നു. മത്സരങ്ങൾക്ക് പി.രാവുണ്ണിക്കുട്ടി നായർ നേതൃത്വം നൽകി. പരിപാടിയിൽ പങ്കെടുത്ത കൂട്ടായ്മ അംഗങ്ങൾക്ക് 2019ലെ ഡയറി പാരിതോഷികമായി നൽകുകയുണ്ടായി.

മുതിർന്ന പൗരൻമാർക്ക് സ്വത്തുക്കൾ ഈട് നൽകി ജീവിതച്ചിലവ് നൽകുന്ന റിവേഴ്സ് മോർട്ട്ഗേജ് സംവിധാനം ഫലപ്രദമായി നടപ്പാക്കാൻ ബാങ്കുകൾ തയ്യാറാകണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടു. ഈ കാര്യത്തിൽ ജില്ലാ കലക്ടർ, ധനകാര്യ വകുപ്പ് മന്ത്രി എന്നിവർക്ക് നിവേദനം നൽകി.

കൂട്ടായ്മയുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി നമ്മുടെ ജില്ലയിൽ നടന്ന പ്രളയക്കെടുതിയിൽ ദുരിതമനുഭവിച്ച നിലമ്പൂർ താലൂക്കിലെ പാവപ്പെട്ടവർക്ക് സഹായം എത്തിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് കൂട്ടായ്മാ പ്രവർത്തകരിൽ നിന്നും സമാഹരിച്ച സംഖ്യയിൽ നിന്ന് ഒരു ലക്ഷം രൂപ നിലമ്പൂർ താലൂക്ക് കമ്മിറ്റി ശുപാർശ ചെയ്ത 20 കുടുംബങ്ങൾക്ക് നിലമ്പൂർ റസ്റ്റ് ഹൗസിൽ വെച്ച് നടന്ന ചടങ്ങിൽ കൂട്ടായ്മയാ പ്രസിഡണ്ട് എം.ബാലകൃഷ്ണ കുറുപ്പ് വിതരണം ചെയ്തു. (സംഖ്യ കൈപറ്റിയവരുടെ പേരുകൾ പേജ് 3ൽ ചേർത്തിയിട്ടുണ്ട്)

80 വയസ്സ് കഴിഞ്ഞ കൂട്ടായ്മാ അംഗങ്ങളെ ആദരിക്കുന്ന പരിപാടി നാം നടത്തിവരാറുണ്ട്. രോഗംമൂലം അവശരായി വീടുകളിൽ കഴിയുന്ന ഇത്തരം ആളുകളെ അവരവരുടെ വീടുകളിൽ എത്തി ആദരിക്കുന്നതിന്റെ ഭാഗമായി കെ.പി.ശ്രീകുമാരൻ മുസ്സത് പൊന്മുണ്ടം, എം. ശ്രീധരമേനോൻ എടപ്പാൾ എന്നിവരെ അവരുടെ വീടുകളിൽ എത്തി ആദരിച്ചു.

രോഗംമൂലം ദുരിതമനുഭവിക്കുന്ന അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി നാം ഒരു റിലീഫ് ഫണ്ടിന് രൂപം നൽകിയിരുന്നു. ആ ഫണ്ടിൽനിന്ന് ഇത്തവണ എ. മുഹമ്മദാലി കോട്ടക്കൽ, ബാലകൃഷ്ണ വാരിയത്ത് വേങ്ങര എന്നിവർക്ക് 10,000 രൂപ വീതം ചികിത്സക്കായി അവരുടെ വീട്ടിൽ വെച്ച് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ നൽകുകയുണ്ടായി.

ഭരണ പരിഷ്ക്കാര കമ്മീഷന് ഫർക്കാ റവന്യൂ ഇൻസ്പെക്ടർ തസ്തിക പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടും, കേരള ധനകാര്യ വകുപ്പ് മന്ത്രിക്ക് MEDISEPൽ പെൻഷൻകാരുടെ ജീവിച്ചിരിക്കുന്ന മാതാപിതാക്കളെ ഉൾപ്പെടുത്തുക, ഔട്ട് പേഷ്യന്റ് ചികിത്സക്കുകൂടി ആനുകൂല്യം ബാധകമാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് നിവേദനം നൽകി. റിട്ടയേർഡ് റവന്യൂ കൂട്ടായ്മയെ Social Impact Study പോലുള്ള പ്രവർത്തനങ്ങൾക്ക് അപ്രൂവ്ഡ് NGO ആയി ലിസ്റ്റ് ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ജില്ലാ കലക്ടർക്കും, കേരള ഗ്രാമീൺ ബാങ്കിൽ റിവേഴ്സ് മോർട്ട്ഗേജ് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഗ്രാമീൺ ബാങ്ക് ചെയർമാനും നിവേദനം നൽകുകയുണ്ടായി.

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച് താലൂക്കുകളിൽ നാം നടത്താൻ നിശ്ചയിച്ച ബോധവൽക്കരണ പരിപാടികളും ലഘുലേഖാ വിതരണവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

അംഗങ്ങൾക്ക് വിനോദ യാത്ര സംഘടിപ്പിക്കുന്നതിന്റെഭാഗമായി ഡിസംബർ 21ന് ഒരു ദിവസത്തെ ഹൗസ് ബോട്ട് യാത്ര സംഘടിപ്പിച്ചിട്ടുണ്ട്.

റിപ്പോർട്ട് കാലയളവിൽ 2 ജനറൽ ബോഡിയും 4 കൗൺസിൽ യോഗങ്ങളും 2 സബ് കമ്മിറ്റി/ഭാരവാഹി യോഗങ്ങളും ചേർന്ന് കാര്യങ്ങൾ വിലയിരുത്തുകയും തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തിട്ടുണ്ട്.

അച്ചടി ചിലവിലേക്കായി പരസ്യം ലഭിക്കാത്തതു മൂലം 2018 ഡിസംബറിലെ 4-ാം ലക്കത്തിന് ശേഷം വാർത്താപത്രിക ഇതുവരെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ ഇപ്പോഴത്തെ 5-ാം ലക്കത്തിന്റെ അച്ചടി ചിലവ് കൂട്ടായ്മയുടെ ജില്ലാ കൗൺസിൽ അംഗം ജി. ഉണ്ണികൃഷ്ണപിള്ളയാണ് വഹിക്കുന്നത് എന്നത് നന്ദിപൂർവ്വം രേഖപ്പെടുത്തുന്നു.

റിപ്പോർട്ട് കാലത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സഹപ്രവർത്തകർ, സാമ്പത്തിക സഹായം നൽകിയവർ എന്നിവർക്കെല്ലാം നന്ദി പ്രകാശിപ്പിച്ചു കൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.




പി.പി.എം.അഷ്റഫ്
സെക്രട്ടറി

## 01–01–2019 മുതൽ 16–12–2019 വരെയുള്ള വരവ് ചിലവ് കണക്ക്

വരവ്: Opening Balance 7,549 - Working Fund 5,300 - Registration 48,450 Bank withdrawal 27,500 - Bank Interest 1,533 - Relief Fund 1,16,801 - Advance 6,400 - Membership 17,700 - **TOTAL 2,31,233**

ചിലവ്: Banner 350 - Diary 1,845 - Food & Refreshment 48,240 - Photography 1,000 - Advance return 10,650 - Bank Deposit 41, 834 - Car rent & Wreath 1,450 - Printing & Stationery 2,395 - Room Boy 200 - Memento 1,440 - Relief for members 10,000 - DTP 200 - Flood relief 1,00,000 - Website Rent 2,500 - **TOTAL 2,22,104**

| | |
|---|---|
| ആകെ വരവ് | **2,31,233** |
| ആകെ ചിലവ് | **2,22,104** + |
| നീക്കിയിരിപ്പ് | **9,129** |
| | **2,31,233** |



പി.ഗോപാലകൃഷ്ണൻ
ട്രഷറർ

# ഞാൻകണ്ട ആസ്ട്രേലിയ

**റിട്ടയർ ചെയ്തതിനു ശേഷം അഞ്ചു തവണ ആസ്ട്രേലിയ സന്ദർശിച്ചുവന്നതിന്റെ കുറച്ച് ഓർമ്മകൾ ഇവിടെ പങ്കുവെക്കുകയാണ്.**



ജി.ഉണ്ണികൃഷ്ണ പിള്ള

**ആസ്ട്രേലിയയെ കുറിച്ച് അല്പം:**

ഇന്ത്യൻ മഹാസമുദ്രത്താലും, പെസഫിക് സമുദ്രത്താലും ചുറ്റപ്പെട്ട് കിടക്കുന്ന ആസ്ട്രേലിയൻ ഭൂഖണ്ഡം ഒന്നായി ഒരു രാജ്യമായിട്ടുള്ളതാണ്. രാജ്യത്തിന്റെ പരമാധികാരി ബ്രിട്ടീഷ് രാജ്ഞിയും ഭരണ നിർവ്വഹണം നടത്തുന്നത് ബ്രിട്ടീഷ് രാജ്ഞിയുടെ പ്രതിനിധിയായ ഗവർണർ ജനറലും, ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രധാനമന്ത്രിയും ഉൾപ്പെടുന്ന സർക്കാർ ആണ്. രാജ്യത്തിന്റെ മൊത്തം വിസ്തീർണ്ണം 76,92,024 ചതുരശ്ര കി.മീറ്ററും, 2019 സെൻസസ് പ്രകാരം ജനസംഖ്യ 2,55,24,400 ആണ്. രാജ്യത്തെ ആറ് സംസ്ഥാനങ്ങളായി വിഭജിച്ചിരിക്കുന്നു. കേന്ദ്രഭരണ പ്രദേശമായ കാൻബറയാണ് തലസ്ഥാനം.

ഏകദേശം 65,000 വർഷങ്ങൾക്കു മുമ്പു തന്നെ ഇവിടെ ജനവാസം ഉണ്ടായിരുന്നു എന്നാണ് കരുതുന്നത്. എന്നാൽ 1770ൽ ക്യാപ്റ്റൻ ജെയിംസ് കുക്ക് എന്ന ബ്രിട്ടീഷ് നാവികൻ ഈ ഭൂഖണ്ഡത്തിൽ എത്തിയതിന് ശേഷമാണ് ഇവിടത്തെ ചരിത്രം തുടങ്ങുന്നത്. അദ്ദേഹത്തിന്റെ വരവിന് ശേഷം ബ്രിട്ടൻ ഇതിനെ ഒരു കോളനിയാക്കി ഭരണം നടത്തുകയും ഇന്നത്തെ രാജ്യത്തിന് അടിത്തറ പാകുകയും ചെയ്തു. ജെയിംസ് കുക്ക് എത്തുന്നതിന് മുമ്പ് ഇവിടെ ഉണ്ടായിരുന്ന ജനത ഇന്ന് അബോർജിൻസ് എന്ന് അറിയപ്പെടുന്നു. കറുത്ത വർഗ്ഗക്കാരായ ഇവർ ഇപ്പോഴും സ്വന്തം ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ഉൾപ്രദേശങ്ങളിൽ ജീവിച്ചുവരുന്നു. എന്നിരുന്നാൽ തന്നെയും ഇവർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കുന്നത് സർക്കാർ തന്നെയാണ്.

1800കളിൽ ഇവിടെ സ്വർണ്ണ നിക്ഷേപം ഉള്ളതായി കാണുകയും മറ്റു രാജ്യങ്ങളിൽ നിന്നും ധാരാളം ആളുകൾ ഇവിടെ എത്തി ഖനനം ആരംഭിക്കുകയും ചെയ്തു. അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയുമാണ്. വിക്ടോറിയ സ്റ്റേറ്റിലുള്ള ബല്ലാററ്റ്, ബെൻഡിഗോ എന്നീ സ്ഥലങ്ങളിലെ സ്വർണ്ണഖനികൾ സന്ദർശിക്കാനും പ്രവർത്തനങ്ങൾ നേരിൽ കാണാനും അവസരം ലഭിക്കുകയും ചെയ്തു എന്നുള്ളത് ഒരു സുവർണ്ണ സ്മരണയായി തന്നെ മനസ്സിലുണ്ട്.

വിനോദ സഞ്ചാരം പ്രോൽസാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ട്. ശുചിത്വ സുന്ദരമായ തെരുവീഥികളും, ഗതാഗതനിയമങ്ങളും കർശനമായി പാലിക്കുന്ന ജനങ്ങളാണ് ഇവിടത്തെ പ്രത്യേകത. എത്ര തിരക്കേറിയ വാഹന യാത്രയിലും ഒരാൾപോലും വാഹനത്തിന്റെ ഹോൺ മുഴക്കാറില്ലാ എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്.

പുൽകൊടി മുതൽ വൻമരങ്ങൾ വരെ പൂത്തുലഞ്ഞു നിൽക്കുന്നതാണ് സെപ്തംബർ മുതൽ നവംബർ വരെയുള്ള ഇവിടത്തെ വസന്ത കാലം. വേനൽകാലം നവംബർ മുതൽ ജനുവരി വരെയും.

ഇവിടത്തെ പ്രധാന വിനോദസഞ്ചാര സ്ഥലമാണ് ഗ്രേറ്റ് ഓഷ്യൻ ഡ്രൈവ്. 243 കി.മീ. കടൽകരയിൽ കൂടിയുള്ള യാത്ര അവർണ്ണനീയം എന്നല്ലാതെ മറ്റൊന്നും പറയാനില്ല. യാത്ര അവസാനിക്കുന്നിടത്ത് കടലിൽ 12 മൺതിട്ടകൾ ഉള്ളതിനെ യേശുവിന്റെ 12 ശിഷ്യന്മാർ എന്നാണ് പറയപ്പെടുന്നത്. സർഫിംഗ് പോലെയുള്ള ജല വിനോദങ്ങളും ഇവിടെ നടത്തിവരുന്നു.

വിക്ടോറിയ സ്റ്റേറ്റിലെ പോയിന്റ് കുക്ക് എന്നിടത്തുള്ള റോയൽ ആസ്ട്രേലിയൻ എയർ ഫോഴ്സ് മ്യൂസിയത്തിൽ 1912 മുതലുള്ള വിവിധ യുദ്ധ വിമാനങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. വ്യത്യസ്ഥ തരത്തിലുള്ള റോസ് ചെടികൾ നിറഞ്ഞ 10 ഏക്കറോളം വിസ്തൃതിയുള്ള വെറിബി റോസ് ഗാർഡനും, വിനോദ സഞ്ചാരികളെ മാടിവിളിക്കുന്ന, വർഷത്തിൽ ഒരിക്കൽ കേവലം ഒരു മാസം മാത്രം നീണ്ടു നിൽക്കുന്നതുമായ 25 ഏക്കറിൽ പരന്ന് കിടക്കുന്ന ടുലിപ്പ് പുഷ്പങ്ങളുടെ ഫെസ്റ്റിവലും എടുത്തു പറയത്തക്കതാണ്. സൗത്ത് ഓസ്ട്രേലിയയിൽ പ്രകൃതി ഒരുക്കിയ ഗുഹകളും അവിടെ ചുണ്ണാമ്പുകല്ല് രൂപപ്പെടുന്നതും നേരിൽ കാണാവുന്ന അത്ഭുത കാഴ്ചകളിൽ ഒന്നാണ്.

ആസ്ട്രേലിയയുടെ ദേശീയ മൃഗമായ കങ്കാരുവിനെപറ്റി പറയാതെ ആസ്ട്രേലിയൻ വിവരങ്ങൾ പൂർണ്ണമാകില്ല. വയറ്റിലെ കീശയിൽ കുഞ്ഞിനേയും ഇട്ട് ചാടിച്ചാടി നടക്കുന്ന കങ്കാരു ഇളം ബ്രൗൺ നിറത്തിലും വെള്ളയിലും കാണപ്പെടുന്നു. ജനവാസ സ്ഥലങ്ങളിൽ കാണാറില്ലെങ്കിലും ഗ്രാമവന പ്രദേശങ്ങളിൽ നിരുപദ്രവികളായ ഇവയെ ധാരാളം കാണാം.

കണ്ടാലും കണ്ടാലും തീരില്ല; എഴുതിയാലും എഴുതിയാലും മതി വരില്ല ഇവിടത്തെ വിവരണങ്ങൾ. സ്ഥല പരിമിതിയുണ്ട്. തൽക്കാലം നിർത്തുന്നു.



Rosevale Homestead



Skyline Of Melbourne, Australia Across The Yarra River At Night

## നിലമ്പൂർ താലൂക്കിൽ പ്രളയ ബാധിതർക്കുള്ള ധനസഹായം കൈപ്പറ്റിയവർ:

1) വിജയൻ നറുക്കിൽ കരിമ്പൻതൊടി വടക്കുംപാടം 9539385450, | 2) പത്മിനി കെ. കുരുടത്ത് വീട് തൃക്കൈക്കുത്ത് 9846936337, | 3) ഇന്ദിര ഷാരിയാട്ടിൽ കരുവാൻകുന്ന് വടക്കുംപാടം 9895966699, | 4) ഫാത്തിമക്കുട്ടി കുണ്ടൻ തൊടിക പുള്ളിപ്പാടം 9207517156, | 5) രാമന്തു പറമ്പിൽ സരോജിനി നിലമ്പൂർ 9539413950, 6) പാറമ്മൽ ഹനീഫ പോത്തുകല്ല് 9661250840, | 7) ചെമ്പകശ്ശേരി പാത്തുമ്മ കരുളായി 9496842757, | 8) അരിമ്പ്ര അലവി കുറുമ്പലങ്ങോട് 9539413950, 9) എരഞ്ഞിക്കൽ പാത്തുമ്മ 7306133031, | 10) മാന്ത്രോണി യൂസഫ് 9048812828, 11) അബ്ദുൽ ഗഫൂർ ഭാര്യ നൗഷജ പാല പറമ്പിൽ വീട് എടക്കര 9946736159, | 12) ശങ്കർകുമാർ ഭാര്യ രജിത എടക്കണ്ടത്തിൽ വീട് എടക്കര 9633715591, | 13) ഭാരതി പള്ളിയാളി മുതുകാട് വീട് കുറുംകുളം എരുമമുണ്ട 8330860437, | 14) സി.പി. വേലായുധൻ മരുതങ്ങോട് കരുളായി 8086956465, | 15) തെക്കുംപാടി കദീജ പിലാക്കോട്ടു പാടം കരുളായി 8330875572, 16) ജേക്കബ് മകൻ ജോണി പുതുപറമ്പിൽ വീട് 9656394848, | 17) ബാലൻ ഭാര്യ നിർമ്മല പാട്ടരാക്ക നിലമ്പൂർ, | 18) ചാച്ചുട്ടി മകൻ ശ്രീനിവാസൻ മുതിരി കരുളായി 6238349574, 19) രവി പാറക്കൽ കാറ്റാടി മൂത്തേടം, | 20) ചന്ദ്രൻ ഭാര്യ രജനി പരിയാട്ടംപാൽ നല്ലന്തണ്ണി കരുളായി.



ധനസഹായ വിതരണ യോഗത്തിൽ പങ്കെടുത്ത മെമ്പർമാർ



2019 വാർഷികാഘോഷം
മുൻ ജില്ലാ കലക്ടർ ശ്രീ.എം.സി. മോഹൻദാസ് കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു.



2019 വാർഷികാഘോഷ വേദി



2019 ഓണാഘോഷം എ.ഡി.എം. എൻ.എം. മെഹറലി ഉദ്ഘാടനം ചെയ്യുന്നു.



2019 ഓണാഘോഷ വേദി



80 വയസ്സ് കഴിഞ്ഞ പൊൻമുണ്ടം കെ.പി. ശ്രീകുമാരൻ മൂസ്സതിനെ
പൊന്നാട അണിയിച്ച് ആദരിക്കുന്നു



80 വയസ്സ് കഴിഞ്ഞ എടപ്പാൾ എം. ശ്രീധരമേനോനെ
സ്നേഹോപഹാരം നൽകി ആദരിക്കുന്നു

# ആദരാഞ്ജലികൾ



എം.വി.ജോസഫ്
Retd.VO ഊരകത്ത്
07-01-2019



എം.പി.ഗോപാലൻ നായർ
Retd.VA, പാണ്ടിക്കാട്
30-01-2019



കണ്ണോട്ടിൽ വാസുദേവൻ
Retd.Dy.Collr, പെരിന്തൽമണ്ണ
06-02-2019



കെ.യശോദ
Retd.RDO തിരൂർ
12-03-2019



കെ.ഭാനുമതി
Retd.FCS, ഇരുമ്പുഴി
16-06-2019



സി. ബാലകൃഷ്ണൻ
Retd.Dy.Collr., മുണ്ടുപറമ്പ്
05-07-2019



ജി. അരവിന്ദാക്ഷ മേനോൻ
Retd.Dy.Collr. പൊന്നാനി
14-07-2019



എൻ. ഹരിദാസൻ
Retd.AVO താനാളൂർ
22-07-2019



പുഷ്പാലയം ശ്രീധരൻ
Retd.Tahr. താനാളൂർ
28-07-2019



കെ.സുകുമാരൻ
Retd.CA(SG) അങ്ങാടിപ്പുറം
13-08-2019



കെ.വി.ഉണ്ണികൃഷ്ണ വാരിയർ
Retd.VO.ഒഴൂർ
02-09-2019



എം.ബാലകൃഷ്ണൻ നായർ
Retd.Tahr പന്തീരങ്കാവ്
21-09-2019



വി.രാജൻ നായർ
Retd.HC മഞ്ചേരി
20-10-2019



കെ.പി. ഹരിദാസൻ
Retd ശിരസ്തദാർ, കരുവമ്പ്രം
28-11-2019